# കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## ചമയപ്പുര - ചമയം ശില്പശാല

## നിയമാവലി

1 അന്താരാഷ്ട്രതലത്തിലുള്ളവയടക്കം നൂതന ചമയസംവിധാനങ്ങളെ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും വഴി ചമയ കലാകാരരെ കാലാനുസൃതമായി വൈദഗ്ദ്ധ്യമുള്ളവരാക്കി, നൈപുണ്യ വികസനത്തിലേക്ക് നയിക്കുക എന്ന ഉദ്ദേശത്തോടെയാണ് കേരള സംഗീത നാടക അക്കാദമി ചമയം ശില്പശാല സംഘടിപ്പിക്കുന്നത്.

2 20 വയസ്സിനും 45 വയസ്സിനുമിടയിൽ പ്രായമുള്ള ചമയം കലാകാരരായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

3 സ്വയം സാക്ഷ്യപ്പെടുത്തിയ ബയോഡാറ്റയും വയസ്സ് തെളിയിക്കുന്ന രേഖയും സമർപ്പിക്കേണ്ടതാണ്. ചമയരംഗത്ത് കുറഞ്ഞത് രണ്ട് വർഷത്തെയെങ്കിലും പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

4 ഫോൺനമ്പർ, മേൽവിലാസം, ആവശ്യപ്പെട്ട മുഴുവൻ അനുബന്ധരേഖകളും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5 അപേക്ഷ സമർപ്പിക്കേണ്ടത് അക്കാദമി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാഫോറത്തിലായിരിക്കണം. അപേക്ഷയും അനുബന്ധരേഖകളും ഓൺലൈനായോ, തപാൽ മുഖേനയോ അയക്കാവുന്നതാണ്.

6 അക്കാദമിയിൽ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ തിരികെ നൽകുന്നതല്ല.

7 സംസ്ഥാനാടിസ്ഥാനത്തിൽ 30 കലാകാരരെയാണ് തെരഞ്ഞെടുക്കുക.

8 ശില്പശാലയിൽ പങ്കെടുക്കുന്നവർക്കുള്ള താമസം, ഭക്ഷണം എന്നിവ അക്കാദമി ഏർപ്പെടുത്തുന്നതാണ്.

9 അക്കാദമിയിൽ നിന്ന് ക്യാമ്പംഗങ്ങൾക്ക് യാത്രാ ചെലവുകളോ മറ്റ് അലവൻസുകളോ അനുവദിക്കുന്നതല്ല.

10 ശില്പശാലയുടെ സമാപനദിവസം ക്യാമ്പ് അംഗങ്ങൾക്ക് അക്കാദമി ചെയർമാനും സെക്രട്ടറിയും ശില്പശാല ഡയറക്ടറും സാക്ഷ്യപ്പെടുത്തിയ അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

11 ശില്പശാലയിൽ പങ്കെടുക്കുന്നതിന് 5,000/- രൂപയാണ് രജിസ്ട്രേഷൻ ഫീസായി ഏർപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ രജിസ്ട്രേഷൻ ഫീസ് അക്കാദമിയുടെ അക്കൗണ്ടിലേക്ക് പണമായോ, ഗൂഗിൾപേ വഴിയോ അടക്കേണ്ടതാണ്.

12 7 ദിവസം നീണ്ട് നിൽക്കുന്ന റസിഡൻഷ്യൽ വർക് ഷോപ്പാണ് അക്കാദമി സംഘടിപ്പിക്കുന്നത്. ശില്പശാല അംഗങ്ങൾ മുഴുവൻ സമയവും ശില്പശാലയിൽ ഉണ്ടായിരിക്കേണ്ടതാണ്. അവശ്യകാര്യങ്ങൾക്ക് മാത്രം ശില്പശാല ഡയറക്ടറുടെ അനുമതിയോടെ ഇടവേളകളിൽ പുറത്ത് പോകാവുന്നതാണ്. ഡയറക്ടർ അനുവദിച്ച സമയപരിധിക്കുള്ളിൽ തന്നെ തിരിച്ച് ശില്പശാലയിൽ പ്രവേശിക്കേണ്ടതാണ്.

13 അക്കാദമി ഒഫീഷ്യൽസിന്റെ അനുമതിയില്ലാതെ ശില്പശാലയിലെ ദൃശ്യങ്ങൾ പകർത്തുന്നതിനോ, ഡോക്യുമെന്റ് ചെയ്യുന്നതിനോ അനുവദിക്കുന്നതല്ല.

14 ശില്പശാല ഡയറക്ടർ നിശ്ചയിക്കുന്ന ഗ്രൂപ്പടിസ്ഥാനത്തിലായിരിക്കും പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുക.

15 ശില്പശാലയിലെ അംഗങ്ങൾ കൊണ്ടുവരുന്ന മേക്കപ്പ് സാമഗ്രികൾ അനുവദിക്കുന്നതല്ല.

16 പരിശീലനത്തിനാവശ്യമായ എല്ലാ മേക്കപ്പ് സാമഗ്രികളും അക്കാദമി ഏർപ്പെടുത്തുന്നതാണ്.

17 ശില്പശാലയുടെ അച്ചടക്കം സംബന്ധിച്ച് ഡയറക്ടറുടെയും അക്കാദമി ഒഫീഷ്യൽസിന്റെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

18 ശില്പശാലയിലെ ഏതെങ്കിലും അസൗകര്യങ്ങൾ സംബന്ധിച്ച പരാതികൾ ഡയറക്ടറെയോ, അക്കാദമി സെക്രട്ടറിയെയോ രേഖാമൂലം അറിയിക്കേണ്ടതാണ്.

19 ശില്പശാലയിൽ നിജപ്പെടുത്തിയ അംഗങ്ങളുടെ എണ്ണത്തിൽ കൂടുതൽ അപേക്ഷകൾ വരികയാണെങ്കിൽ അഭിമുഖത്തിലൂടെ കലാകാരരെ കണ്ടെത്തുന്നതാണ്.

20 ശില്പശാലയിലെ പരിശീലനക്ലാസ്സുകൾ സംബന്ധിച്ച സമയക്രമം ഡയറക്ടർ നിശ്ചയിക്കുന്നതാണ്.

* ശില്പശാല ഡയറക്ടർ - പട്ടണം റഷീദ്
പ്രോജക്ട് കോ - ഓർഡിനേറ്റർ - വി. കെ. അനിൽകുമാർ (പ്രോഗ്രാം ഓഫീസർ)
ഓഫീസ് കോ - ഓർഡിനേറ്റർ - ജയകൃഷ്ണൻ. ജി.
സംശയനിവാരണത്തിന് - വി. കെ. അനിൽകുമാർ - 9895280511
ജയകൃഷ്ണൻ. ജി. - 9495426570

കരിവെള്ളൂർ മുരളി
സെക്രട്ടറി

സി.പി.എസ്.

# കേരള സംഗീത നാടക അക്കാദമി, തൃശൂർ-20.

## ചമയപ്പുര - ചമയം ശില്പശാല

## അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | പേരും പൂർണ്ണമായമേൽവിലാസവും | |
| 2. | ഫോൺ നമ്പർ, ഇമെയിൽ | |
| 3. | ജനനതീയതി (വയസ്സ് തെളിയിക്കുന്ന രേഖ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |
| 4. | പ്രവൃത്തി പരിചയം (രേഖ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുക) | |

പേര് :
ഒപ്പ് :

സ്ഥലം :
തീയതി: